പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2457** **23-02-2026-ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റിന്റെ ആധുനികവൽക്കരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**മറുപടി:** കോട്ടയ്ക്കൽ നഗരസഭ മാർക്കറ്റിന്റെ ഡിസൈൻ റിവ്യൂ നിലവിൽ അന്തിമ ഘട്ടത്തിലാണ്. ടി പദ്ധതിയുടെ Structural Drawings ൽ കിഫ്ബി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തുവാൻ നഗരസഭയ്ക്കും നഗരസഭ നിയോഗിച്ച കൺസൾട്ടന്റിനും പദ്ധതി നിർവ്വഹണ ഏജൻസിയായ ഇമ്പാക്ട് Structural Drawings നഗരസഭയിൽ നിന്നും ലഭിച്ച ശേഷം പദ്ധതി നിർവ്വഹണ ഏജൻസി അത് കിഫ്ബിയിൽ സമർപ്പിക്കുന്നതും അത് കിഫ്ബിയിൽ പരിശോധിച്ച് ഡിസൈൻ റിവ്യൂ പൂർത്തിയാക്കുന്നതുമാണ്.

**(ബി)** പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**മറുപടി:** കോട്ടയ്ക്കൽ നഗരസഭ മാർക്കറ്റിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് ടി പ്രവൃത്തിയുടെ ഡിസൈൻ റിവ്യൂ പൂർത്തീകരിച്ച് സാങ്കേതികാനുമതിയും കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും ലഭ്യമാക്കി ടെണ്ടർ ചെയ്യേണ്ടതുണ്ട്. നിലവിൽ ടി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി, കിഫ്ബിയുടെ പുതുക്കിയ ധനാനുമതി എന്നിവ ലഭിച്ചിട്ടില്ല. അത് ലഭിച്ച ശേഷം TS, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**